പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 5 , ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 2366
ശ്രീ.ടി. വി. ഇബ്രാഹിം

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻക്കാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള രജിസ്ട്രേഷന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല . |
| (ബി) | പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

| | | |
|---|---|---|
| സി) | നിലവിലുള്ള വ്യവസ്ഥയിലോ മാനദണ്ഡങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ഇല്ല. |
| (ഡി) | പദ്ധതിയിൻ കീഴിൽ ചികിത്സയ്ക്ക് കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത കമ്മിറ്റി രൂപീകരണത്തിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു . |

**സെക്ഷൻ ഓഫീസർ**